**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1704** **20-06-2024 - ൽ മറുപടിയ്ക്ക്**

**വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൃഷിവകുപ്പിന് കീഴിലുള്ള സംസ്ഥാന പച്ചക്കറി ഫാമുകളിൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ ആകെ 64 ഫാമുകൾ ഉണ്ട്. ഇതിൽ 33 സംസ്ഥാന വിത്തുൽപാദന കേന്ദ്രങ്ങളിലും 9 ജില്ലാ ഫാമുകളിലും 14 സ്പെഷ്യൽ ഫാമുകളിലും 8 തെങ്ങിൻ നഴ്സറികളിലും വിത്തുല്പാദനം ലക്ഷ്യമിട്ട് പച്ചക്കറി കൃഷി ചെയ്തു വരുന്നു. എന്നാൽ സ്പെഷ്യൽ ഫാമുകളിൽ ഉൾപ്പെടുന്ന വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ഫാമിലും, നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിലും വിവിധയിനം പച്ചക്കറി വിളകൾക്ക് കൂടുതൽ പ്രാധാന്യം നൽകി കൃഷി ചെയ്തു വരുന്നുണ്ട്. നെല്ലിയാമ്പതി ഫാമിൽ പച്ചക്കറി വിളകളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി 9 പോളി ഹൗസുകളിലുള്ള കൃഷിക്ക് പുറമെ ഓപ്പൺ പ്രിസിഷൻ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കൃഷി രീതിയിലും പരമ്പരാഗത കൃഷി രീതിയിലും ശീതകാല വിളകൾ ഉൾപ്പെടെയുള്ള വിവിധയിനം പച്ചക്കറി വിളകൾ കൃഷി ചെയ്തുവരുന്നു. |
| (ബി) | ടൂറിസം വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന പച്ചക്കറി ഫാമുകളിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ഫാം ടൂറിസവുമായി ബന്ധപ്പെട്ട് നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ ബ്യൂട്ടിഫിക്കേഷൻ പ്രവർത്തനങ്ങളായ ടീ ഹട്ട്, സഞ്ചാരികൾക്ക് ഇരിക്കുവാനുള്ള ഇരിപ്പിടങ്ങൾ, പുൽത്തകിടികൾ, പൂന്തോട്ടങ്ങൾ, വിവിധ വിളകളുടെ പ്രദർശന തോട്ടങ്ങൾ എന്നിവ നിർമ്മിച്ച് പരിപാലിച്ചു വരുന്നു. കൂടാതെ വിവിധ ഫാം ഉത്പന്നങ്ങളുടെ മൂല്യവർദ്ധിത യൂണിറ്റും വിൽപ്പനശാലയും പ്രവർത്തിച്ചു വരുന്നു.<br><br>ഫാം ടൂറിസവുമായി ബന്ധപ്പെട്ട് വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ഫാമിൽ പൂന്തോട്ടങ്ങൾ, സംയോജിത കൃഷി പ്രകാരം കന്നുകാലി വളർത്തൽ, വിവിധയിനം കോഴികൾ, മത്സ്യം, തേനീച്ച, വിവിധ വിളകളുടെ പ്രദർശന തോട്ടങ്ങൾ എന്നിവ പരിപാലിച്ചു വരുന്നു. ഫാം സന്ദർശിക്കുന്ന കർഷക ഗ്രൂപ്പുകൾ, വിദ്യാർത്ഥികൾ എന്നിവർക്ക് പരിശീലനം നൽകുന്നതിനായി പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിവിധ ഫാം ഉത്പന്നങ്ങളുടെ വിൽപ്പനശാലയും പ്രവർത്തിച്ചു വരുന്നു. |
| (സി) | വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ഫാമിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ വികസന | (സി) | വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ഫാമിൽ 2021-22 വർഷം മുതൽ നടപ്പിലാക്കിയ പ്രവർത്തികൾ ചുവടെ ചേർക്കുന്നു. |

<table>
<tr>
<td></td>
<td>പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;</td>
<td></td>
<td>
<table>
<tr><th>ക്രമ നം.</th><th>പ്രവർത്തികൾ</th><th>തുക (ലക്ഷത്തിൽ)</th></tr>
<tr><td>1</td><td>റെസിഡൻഷ്യൽ ട്രെയിനിങ് സെന്റർ നിർമ്മാണം</td><td>113.5</td></tr>
<tr><td>2</td><td>മഴ മറകളിൽ കണിക ജലസേചനം</td><td>12.5</td></tr>
<tr><td>3</td><td>സുഗന്ധ വിളകളുടെ വ്യാപനം 6 ഹെക്ടർ</td><td>14</td></tr>
<tr><td>4</td><td>ചെക്ക് ഡാമിന്റെ പുനർനിർമ്മാണവും സ്പ്രിങ്കളർ സ്ഥാപിക്കലും</td><td>100</td></tr>
<tr><td>5</td><td>കുരുമുളകിന്റെ റാപിഡ് മൾട്ടിപ്ലിക്കേഷൻ തുടങ്ങുന്നതിനുള്ള മഴമറ നിർമ്മാണം</td><td>11.5</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;</td>
<td>(ഡി)</td>
<td>ഫാം ടൂറിസവുമായി ബന്ധപ്പെട്ട് വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ഫാമിൽ പൂന്തോട്ടങ്ങൾ, സംയോജിത കൃഷി പ്രകാരം കന്നുകാലി വളർത്തൽ, വിവിധയിനം കോഴികൾ, മത്സ്യം, തേനീച്ച എന്നിവ പരിപാലിച്ചു വരുന്നു. ഫാം സന്ദർശിക്കുന്ന കർഷക ഗ്രൂപ്പുകൾ, വിദ്യാർത്ഥികൾ എന്നിവർക്ക് പരിശീലനം നൽകുന്നതിനായി പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിവിധ ഫാം ഉത്പന്നങ്ങളുടെ വിൽപ്പനശാലയും പ്രവർത്തിച്ചു വരുന്നു.</td>
</tr>
<tr>
<td>(ഇ)</td>
<td>വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി തോട്ടത്തിൽ ടൂറിസ്റ്റുകളിൽ നിന്നും പ്രവേശന ഫീസായി എത്ര രൂപയാണ് വാങ്ങിക്കുന്നതെന്നും 2021 ജൂൺ മാസം മുതൽ ഓരോ മാസത്തെയും വരുമാനം എത്രയാണെന്നും വിശദമാക്കാമോ?</td>
<td>(ഇ)</td>
<td>വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ഫാമിൽ നിലവിൽ പ്രവേശന ഫീസ് ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ തന്നെ ഈയിനത്തിൽ വരുമാനം ലഭിച്ചിട്ടില്ല.</td>
</tr>
</table>

സെക്ഷൻ ഓഫീസർ